## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1559 — 03.05.2017-ൽ മറുപടിയ്ക്ക്

### ഹെൽമറ്റ് ധരിക്കാതെ യാത്രചെയ്യുന്നവരോടുള്ള പോലീസിന്റെ സമീപനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഉമ്മർ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഹെൽമറ്റ് ധരിക്കാതെ യാത്രചെയ്യുന്ന യാത്രക്കാരോട് കൊടുംകുറ്റവാളികളോടുള്ളതിനു സമാനമായ പോലീസിന്റെ സമീപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്യുന്ന യാത്രക്കാരോട് കൊടും കുറ്റവാളികളോടുള്ളതിന് സമാനമായി പോലീസ് പെരുമാറുന്നില്ല. ഹെൽമറ്റ് ധരിക്കാതെ വരുന്ന ഇരുചക്ര വാഹന യാത്രക്കാരോട് നിയമപരമായ ചുമതലകളാണ് പോലീസ് നിർവ്വഹിക്കുന്നത്. |
| (ബി) എങ്കിൽ വാഹന പരിശോധനക്കിടെ ഭിന്നശേഷിക്കാരന്റെ വാഹനത്തെ തടഞ്ഞുനിർത്തി അപകടമുണ്ടാക്കുകയും യാത്രക്കാരന് മാരകമായ പരിക്കേൽപ്പിക്കുകയും ചെയ്തതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ ഭിന്നശേഷിക്കാരായ യാത്രക്കാരോടുപോലും പോലീസിന്റെ ഇത്തരത്തിലുള്ള സമീപനം മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) (സി) & (ഡി) ഇല്ല. എന്നാൽ ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വച്ച് 25.03.2017 തീയതി വാഹന പരിശോധനക്കിടെ മോട്ടോർ സൈക്കിൾ ഓടിച്ചുവന്ന കറ്റാനം വില്ലേജിൽ, ഇലിപ്പക്കുളം മുറിയിൽ, കൊപ്പാറ പടീറ്റതിൽ നിസ്സാർ മകൻ നിസ്സാമുദീൻ @ കുഞ്ഞുമോൻ എന്നയാളെ സി.പി.ഒ 6728 കണ്ണൻ എന്ന പോലീസ് ഉദ്യോഗസ്ഥൻ ടി നിസ്സാമുദ്ദീനെ ലാത്തി വച്ച് തടയാൻ ശ്രമിച്ചതിൽ പരിക്ക് പറ്റിയ ഒറ്റപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | കുറ്റക്കാരായ ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | ഇത്തരത്തിൽ നിരുത്തരവാദപരമായി പെരുമാറിയ സി.പി.ഒ -യെ 25.03.2017 തീയതി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമം അനുശാസിക്കുന്ന തരത്തിലുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ